"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിങ് വിഭാഗം- പാലക്കാട് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ - ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.503/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിൽ നിന്നുള്ള 15.10.2023-ലെ ഡി4/187/2023-വിജി. നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 05.07.2023 ലെ E12(SC 17/2022/PKD) 10884/2022/DVACB നമ്പർ കത്ത്.
3. 02.02.02.24 ലെ EWA3/306/2023/LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. (i) 24.10.24-ൽ ശ്രീമതി സ്മിത എച്ച്.,സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ii) 24.10.24-ൽ ശ്രീ.മുഹമ്മദ് അനറുള്ള എ., ഓഫീസ് അറ്റൻഡന്റ് (iii) 26.03.24-ൽ Ist Gr.Overseer ശ്രീ.സൂരജ് M.K. (iv) 24.10.24-ൽ ശ്രീ.അഭിലാഷ് കൃഷ്ണൻ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ (v) 27.03.24-ൽ ശ്രീ. കെ.സി.സുബ്രഹ്മണ്യൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (vi) 02.11.24-ൽ ശ്രീ.ഷിഹാബ് എൻ.ജെ., Ist Gr.Overseer (vii) 21.03.24-ൽ ശ്രീ.സുരേഷ് കുമാർ കെ., ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ (viii) 28.10.24-ൽ ശ്രീമതി ധന്യ എസ്. Ist ഗ്രേഡ് ഓവർസിയർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രിക.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.05.2024-ലെ LSGD/PD/6864/2024-VIGD1 നമ്പർ കത്ത്.
6. 05-05-2025-ലെ സ.ഉ.(സാധാ)നം.1116/2025/LSGD.
7. ഔപചാരികഅന്വേഷണ ഉദ്യോഗസ്ഥന്റെ 05.05.2025-ലെ ഇ1/495/2025 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും മറ്റ് ഓഫീസ് ജീവനക്കാരും ബില്ലുകളും മറ്റും അംഗീകരിക്കുന്നതിനു കൈക്കൂലി വാങ്ങുന്നു എന്ന ആരോപണത്തിന്മേൽ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

1.സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി സ്മിത എച്ച് (2,540/-രൂപയും), ഓഫീസ് അറ്റൻഡന്റ് ശ്രീ. മുഹമ്മദ് അനറുള്ള എ. (130/-രൂപയും), Ist Grade Overseer ശ്രീ. സൂരജ് എം.കെ. (620/-രൂപയും), അസി.എക്സി.എഞ്ചിനീയർ ശ്രീ. അഭിലാഷ് കൃഷ്ണൻ (1740/-രൂപയും), എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.കെ.സി.സുബ്രഹ്മണ്യൻ (2,230/-രൂപയും) എന്നിങ്ങനെ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ തുക കൈവശം കണ്ടെത്തി.

2. Ist Grade Overseer ശ്രീ. ഷിഹാബ് എൻ. ജെ.-യുടെ കൈവശം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ നിന്നും 11,500/-രൂപയും ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ശ്രീ. സുരേഷ് കുമാർ കെ.-യുടെ കൈവശം 6,580/- രൂപയും കുറവുള്ളതായി കണ്ടെത്തി.

3. ഓഫീസ് അറ്റൻഡന്റായ ശ്രീ. മുഹമ്മദ് അനറുള്ള എ. ഫയലുകൾ അടുക്കിവെച്ച റാക്കിനിടയിലേക്ക് ചുരുട്ടിക്കൂട്ടി വലിച്ചെറിഞ്ഞതായി കാണപ്പെട്ട 1200/- രൂപയും Ist ഗ്രേഡ് ഓവർസിയറായ ശ്രീമതി ധന്യ എസ്.-ന്റെ ഫയലുകൾ അടുക്കിവെച്ച റാക്കുകൾക്കിടയിൽ നിന്നും 4500/-രൂപയും കണ്ടെത്തി.

തുടർന്ന് വിജിലൻസ് ശിപാർശ പ്രകാരം ടിയാളുകൾക്കെതിരെ 1960-ലെ KCS(CC&A) **ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം** കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്കനടപടി ആരംഭിച്ചു.

**II. കുറ്റാരോപിതർ താഴെപ്പറയും പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു.**

1) ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ശ്രീ. സുരേഷ് കുമാർ കെ. രാവിലെ കൈവശമുണ്ടായിരുന്ന 20,600/- രൂപ ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നുവെന്നും അക്കാലയളവിൽ ടിയാന്റെ ഭാര്യയ്ക്ക് ഗർഭാശയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട അടിയന്തര ആവശ്യങ്ങൾ വന്നാൽ ചെലവിടുന്നതിനായി പണം അക്കൗണ്ടിൽ നിന്നും പിൻവലിച്ച് കൈയ്യിൽ സൂക്ഷിച്ചിരുന്നുവെന്നും ഉച്ചഭക്ഷണ സമയത്ത് ടിയാൻ താമസിച്ചു വന്നിരുന്ന ലോഡ്ജിലെ മാനേജർക്ക് മാസവാടകയായ 4,500 രൂപ നൽകുകയുണ്ടായിയെന്നും കേടായ വാഹനം സർവീസ് ചെയ്തവകയിൽ മെക്കാനിക്കിന് 1,000/- രൂപയും കാവശ്ശേരി പൂരത്തിന് പിരിവായി 500/- രൂപയും, ഔദ്യോഗിക സീൽ ഉണ്ടാക്കുന്നതിനായി കൃഷ്ണ എന്റർപ്രൈസസിന് 500/- രൂപയും 20/- രൂപ ചായയ്ക്കും, 60/- രൂപ ഉച്ചഭക്ഷണത്തിനും ചെലവഴിച്ചിരുന്നുവെന്നും അറിയിച്ചു.

2) ശ്രീ. കെ.സി. സുബ്രഹ്മണ്യൻ, എക്സിക്യൂട്ടിവ് എഞ്ചിനീയർ കൈവശം ഉണ്ടായിരുന്ന 6,500/- രൂപ പേഴ്സിലെ ഒരു ഭാഗത്തും 2,230/- രൂപ മറുഭാഗത്തുമായിരുന്നു സൂക്ഷിച്ചിരുന്നതെന്നും പേഴ്സിലെ ഒരു ഭാഗത്തുണ്ടായിരുന്ന 6,500/- രൂപ ക്യാഷ്

ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയെന്നും തിരക്കിനിടയിൽ മറുഭാഗത്ത് ഉണ്ടായിരുന്ന 2,230/- രൂപ എഴുതുന്ന കാര്യം ഓർക്കാതെ പോയിയെന്നും ജോലിത്തിരക്കിന്റെ ബാഹുല്യം മൂലം അറിയാതെ സംഭവിച്ച തെറ്റാണെന്ന് വിജിലൻസ് ടീമിനെ അറിയിച്ചുവെന്നും കരുതിക്കൂട്ടി ചെയ്തതല്ലയെന്നും അറിയിച്ചു.

3) ശ്രീ.അഭിലാഷ് കൃഷ്ണൻ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ നൈറ്റ് വാച്ച്മാനായ ശ്രീ. പ്രതീഷിന് കടമായി ഗൂഗിൾ പേ ചെയ്ത 2000/- രൂപ ഉച്ചയ്ക്ക് ജില്ലാ പഞ്ചായത്ത് ഭരണവിഭാഗത്തിലെ ഓഫീസ് അറ്റൻഡർ ആയ ശ്രീ. ഷാജി മുഖാന്തരം തിരികെ ലഭിച്ചുവെന്നും സ്കൂളിൽ നിന്ന് വന്ന മകൾക്ക് വേണ്ടി ബേക്കറിയിൽ ചെലവഴിച്ചതിന്റെ ബാക്കി തുകയാണ് കൈവശം ഉണ്ടായിരുന്ന 1,740/- രൂപ എന്നും അധികതുക വീണ്ടും ഡിക്ലയർ ചെയ്യുന്ന നടപടി ഇല്ലാതിരുന്നതിനാലും, 2000/- രൂപ കടം കൊടുത്തത് തിരികെ ലഭിച്ചത് തന്നെയാണെന്നുള്ള വ്യക്തമായ ധാരണയിലായിരുന്നു ഇരുന്നതെന്നും അറിയിച്ചു.

4) ശ്രീ. സൂരജ് എം.കെ., ഒന്നാം ഗ്രേഡ് ഓവർസിയർ കുഞ്ഞിന് നേഴ്സറി സ്കൂളിൽ പഠനാവശ്യത്തിനായി ചില സ്റ്റേഷനറി സാധനങ്ങൾ ഓഫീസിലേക്ക് വരുന്ന വഴി വാങ്ങുന്നതിനായി വീട്ടിൽ നിന്ന് വരുമ്പോൾ തന്നെ ഉണ്ടായിരുന്ന തുകയാണ് വിജിലൻസ് ടിയാന്റെ കൈവശം അധികമായി കണ്ടെത്തിയ 620/- രൂപയെന്നും ഓഫീസിലെ തിരക്കിനിടയിൽ ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് വിട്ടു പോകുകയാണ് ഉണ്ടായതെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്താമെന്നും അറിയിച്ചു.

5) ശ്രീമതി സ്മിത എച്ച്., സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് അമ്മയുടെ ഹൃദയസംബന്ധമായ അസുഖത്തിന് മരുന്നിനും, മറ്റ് ആവശ്യങ്ങൾക്കുമായി വീട്ടിൽ നിന്നും കൊണ്ടുവന്ന തുകയായിരുന്നു കയ്യിലുണ്ടായിരുന്ന 2,540/- രൂപയെന്നും ജോലിത്തിരക്കുകൊണ്ട് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന കാര്യം വിട്ടുപോയിയെന്നും ഗൂഗിൾ പേയ്മെന്റോ, മറ്റു ഓൺലൈൻ പേയ്മെന്റുകളോ ഫോൺ വഴി നടത്തുന്നതിനുള്ള സൗകര്യം ഇതുവരെ ഏർപ്പെടുത്താത്തതിനാൽ എപ്പോഴും കൂടുതൽ ക്യാഷ് കയ്യിൽ കരുതി വയ്ക്കാറുണ്ടെന്നും അറിയിച്ചു.

6) ശ്രീ. മുഹമ്മദ് അനറുള്ള, ഓഫീസ് അറ്റൻഡന്റ് വൈകിയാണ് അന്ന് ഓഫീസിൽ എത്തിയതെന്നും AG AUDIT ഓഫീസറോടൊപ്പം സൈറ്റ് കാണിച്ചു കൊടുക്കാൻ പോകുന്ന തിരക്കിൽ ക്യാഷ് ഡിക്ലറേഷൻ എഴുതാൻ മറന്നുപോയിയെന്നും ആരോപണത്തിൽ സൂചിപ്പിക്കുന്ന 1200/- രൂപ ഫോട്ടോസ്റ്റാറ്റ് മെഷിൻ ഇടനാഴിയിലുള്ള ഭാഗത്തുള്ള റാക്കിൽ നിന്നും കണ്ടെത്തിയതായി പറയുന്നുവെന്നും ഈ ഇടനാഴി ടിയാൻ മാത്രം ഉപയോഗിക്കുന്ന ഇടനാഴിയോ, ക്യാബിനോ, റാക്കോ അല്ലെന്നും ഈ ഇടനാഴിയിടെ ഭാഗത്തുള്ള പ്രിന്റർ മെഷീനിലേക്ക് ഓവർസിയർമാരുടെയും, ടൈപ്പിസ്റ്റ് മാരുടെയും, ക്ലാർക്കുമാരുടേയും, കമ്പ്യൂട്ടറുകളിൽ നിന്ന് പ്രിന്റ് അയയ്ക്കുകയും, ആയത് എടുത്തു കൊണ്ട് പോകാനും, ഫോട്ടോകോപ്പി എടുക്കാനും, എല്ലാ ജീവനക്കാരും പ്രിന്റർ മെഷീൻ നിൽക്കുന്ന ഭാഗത്ത് വന്നു പോകുന്നത് പതിവാണെന്നും അന്വേഷണ ഉദ്യോഗസ്ഥർ വരുന്ന സമയം ടിയാൻ

പ്രിന്ററിന്റെ അടുത്തുനിന്ന് ഫോട്ടോ കോപ്പിയെടുത്തു ബന്ധപ്പെട്ട സെക്ഷനിലേക്ക് കൊണ്ടുപോയി എത്തിക്കുന്ന പ്രവൃത്തി ചെയ്യുകയായിരുന്നുവെന്നും ഇടനാഴിയിലെ റാക്കിൽ തുക നിക്ഷേപിച്ചത് മറ്റാരെങ്കിലും ചെയ്തതാകാമെന്നും വിജിലൻസ് ഇരുന്ന സ്ഥലവും റാക്കും തമ്മിൽ 18 അടിയോളം ദൂരമുള്ളതിനാൽ റാക്കിനുസമീപം എന്ത് ചെയ്യുന്നു എന്ന് വ്യക്തമാകില്ലയെന്നും അതുകൊണ്ട് എന്തോ ചുരുട്ടിയിടുന്നത് കണ്ടു എന്ന വിജിലൻസിന്റെ ആരോപണം ശരിയല്ലെന്നും അറിയിച്ചു.

7) ശ്രീമതി ധന്യ എസ്., ഒന്നാം ഗ്രേഡ് ഓവർസിയർ ചേമ്പറിൽ ഉണ്ടായിരുന്ന സിദ്ധാർത്ഥിന്റെ കൈയിൽ എന്തോ ഏൽപ്പിച്ച് പുറത്തുപോകാൻ ആംഗ്യം കാണിച്ചുവെന്നും തുടർന്ന് വിജിലൻസ് ഉദ്യോഗസ്ഥർ അങ്ങോട്ട് ചെന്നതിൽ, യുവാവിന്റെ കൈയ്യിൽ ഉണ്ടായിരുന്ന എന്തോ സാധനം അവിടെയുള്ള ഫയലുകൾക്കിടയിലേക്ക് ഇടുന്നതായി ശ്രദ്ധയിൽപെട്ടുവെന്നും, ടിയാൻ വലിച്ചെറിഞ്ഞ സ്ഥലവും, ഫയലുകളും പരിശോധിച്ചതിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയറിന്റെ ഫയലുകൾ അടക്കിവെച്ച റാക്കുകളിൽ നിന്നും ചുരുട്ടിക്കൂട്ടിയ നിലയിൽ 500/- രൂപയുടെ 9 ഇന്ത്യൻ കറൻസി നോട്ടുകൾ ലഭിച്ചുവെന്നും തുടർന്ന് ഇന്റേണൽ ട്രെയിനിയെ ചോദ്യം ചെയ്തപ്പോൾ, വിജിലൻസ് ഉദ്യോഗസ്ഥർ വന്നതാണെന്ന് അറിഞ്ഞ് പണം ടിയാന്റെ കൈയ്യിൽ കൊടുത്തതാണെന്നും, ആയത് ഉദ്യോഗസ്ഥർ കണ്ടുവെന്ന് തോന്നിയതിനാലാണ് റാക്കിന് മുകളിലെ ഫയലുകൾക്കിടയിലേക്ക് ഇട്ടതെന്ന സിദ്ധാർത്ഥിന്റെ ടിയാൾക്കെതിരെയുള്ള മൊഴി വസ്തുതാവിരുദ്ധവും സത്യത്തിന് നിരക്കാത്തതുമാണെന്നും മേൽപ്പറഞ്ഞ ഇന്റേണൽ ട്രെയിനിയായി വന്ന വ്യക്തിയുടെ കൈവശമുള്ള തുക ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലയെന്നും ആ കാലഘട്ടത്തിൽ ഇന്റേണൽ ട്രെയിനിയായിരുന്ന മൂന്നുപേരുടെ കയ്യിൽ എത്ര രൂപയുണ്ടായിരുന്നുവെന്ന് മറ്റാർക്കും അറിയാൻ സാധിക്കാത്തതാണെന്നും അറിയിച്ചു. ഏകദേശം 2000 സ്ക്വയർ ഫീറ്റ് ഉള്ള ഓഫീസ് ഫ്ലോറിൽ എക്സിക്യൂട്ടിവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ക്യാബിൻ കഴിഞ്ഞ് മറ്റ് 12 ഉദ്യോഗസ്ഥരുടെ ഇരിപ്പിടങ്ങൾ എല്ലാം ഓപ്പൺ ഹാളിലാണെന്നും ടിയാൾക്ക് വേർതിരിച്ച് ഒരു ക്യാബിൻ ഇല്ലയെന്നും ടിയാൾ കൈകാര്യം ചെയ്യുന്ന ഫയലുകൾ റാക്കിൽ സൂക്ഷിച്ചിട്ടില്ലയെന്നും സ്റ്റീൽ അലമാരിയിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും ടി കുറ്റപത്രത്തിൽ കണ്ടെത്തി എന്ന് പറയുന്ന കറൻസി നോട്ടുകളുമായി ടിയാളെ ബന്ധിപ്പിക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടില്ലയെന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള തുക ദേഹ പരിശോധന, മേശ, കസേര, ബാഗ്, പേഴ്സ്, കൈകാര്യം ചെയ്യുന്ന ഫയലുകൾ, അലമാര (ടിയാൾക്ക് വേർതിരിച്ചിട്ടുള്ള ചേമ്പറില്ല) എന്നിവയിൽ നിന്നും ലഭ്യമായിട്ടുള്ളതല്ലയെന്നും അറിയിച്ചു.

8) ശ്രീ. ഷിഹാബ് എൻ.ജെ., ഒന്നാം ഗ്രേഡ് ഓവർസിയർ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി സുശീല എന്നവരുടെ ഗൃഹപ്രവേശവുമായി ബന്ധപ്പെട്ട് ഓഫീസ് സഹപ്രവർത്തകരാണ് അന്നേ ദിവസത്തിൽ ഭക്ഷണത്തിന്റെ ചെലവ് ഏറ്റെടുത്തതെന്നും തുടക്കത്തിൽ പിരിഞ്ഞു കിട്ടിയ പതിനയ്യായിരം രൂപയിൽ നിന്ന് ഹോട്ടലിന് 11,500/- രൂപ നല്കിയതിനാലാണ് 11,500/- രൂപ കുറവ് ഉണ്ടായതെന്ന് അറിയിച്ചു.

**III.** കുറ്റാരോപിതർ ഉന്നയിച്ച വാദങ്ങൾ പരാമർശം 5 അഭിപ്രായ റിപ്പോർട്ടിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തള്ളിക്കളഞ്ഞിരുന്നു. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ശ്രീ.സുരേഷ് കുമാർ കെ., ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ.ഷിഹാബ്.എൻ.ജെ എന്നിവരുടെ കൈവശം കുറവ് വരുവാൻ കാരണമായ ചെലവുകൾ കൃത്യമാണെന്നും എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ഒരിക്കൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും ചെലവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിൽ ടിയാൾക്കാർക്ക് അശ്രദ്ധയുണ്ടായിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ. സി. സുബ്രഹ്മണ്യന്റെ വാദം അംഗീകരിക്കാവുന്നതല്ലെന്നും കൈവശമുള്ള മുഴുവൻ തുകയും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണെന്നും ഇക്കാര്യത്തിൽ ടിയാന് അശ്രദ്ധ സംഭവിച്ചിട്ടുണ്ടെന്നും അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണന്റെ വാദം അംഗീകരിച്ചാൽ തന്നെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയ്ക്ക് പുറമേ കൈവശമുണ്ടായിരുന്ന 1,740 രൂപ രജിസ്റ്ററിൽ ചേർക്കണമായിരുന്നുവെന്നും ഓഫീസിൽ സമയത്ത് കൈവശമുള്ള തുക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ ടിയാന് ജാഗ്രത കുറവുണ്ടായിയെന്നും ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ.സൂരജ് എം.കെ. -യുടെ ഭാഗത്തും അശ്രദ്ധ ഉണ്ടായിട്ടുണ്ടെന്നും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി സ്മിത എച്ച്. എല്ലാദിവസവും തുക രേഖപ്പെടുത്തിയിട്ടുണ്ടെന്നും മിക്ക ദിവസങ്ങളിലും ആയിരം രൂപയിൽ കൂടുതൽ രേഖപ്പെടുത്തിയതായും ആയതിനാൽ ടിയാൾ അന്നേദിവസം കൈവശമുള്ള തുക ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് മന:പൂർവ്വം അല്ലാത്ത വീഴ്ചയാണെന്നും ഓഫീസ് അറ്റൻഡൻ് ശ്രീ. മുഹമ്മദ് അനറുള്ള ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ 130 രൂപ രേഖപ്പെടുത്താത്തത് മനഃപൂർവം അല്ലാത്ത വീഴ്ചയാണെന്നും 1200 രൂപ ചുരുട്ടിക്കൂട്ടി വലിച്ചെറിഞ്ഞ നിലയിൽ നേരിൽ കണ്ടു എന്ന്വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ള കുറ്റം നിഷേധിക്കാൻ കഴിയില്ലയെന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീമതി ധന്യ എസ്-ന്റെ കുറ്റത്തിലും വിജിലൻസ് റിപ്പോർട്ട് നിഷേധിക്കാൻ കഴിയില്ല എന്നും അഭിപ്രായപ്പെട്ടു.

**IV.** നടപടിക്രമങ്ങളുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ സമർപ്പിച്ച പരാമർശം 7 റിപ്പോർട്ടിന്റെ സാരാംശം താഴെപ്പറയും പ്രകാരമാണ്.

1. ശ്രീമതി സ്മിത എച്ച്., സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് - ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ വിജിലൻസ് ചരിശോധന നടത്തിയ ദിവസം ശ്രീമതി സ്മിത എച്ച് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്തുകയോ അറ്റന്റൻസ് രജിസ്റ്ററിൽ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ശ്രീമതി സ്മിത എച്ച്.-ന് മനപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായി.
2. ശ്രീ.സുരേഷ് കുമാർ കെ. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ -ചെലവായ തുകയുടെ റസീപ്റ്റുകൾ ടിയാൻ ഹാജരാക്കിയിട്ടുണ്ടെന്നും വിജിലൻസിന്റെ കുറ്റപതത്തിൽ കുറവുള്ളതായി കണ്ടെത്തിയ 6580/-രൂപ ചെലവഴിച്ച റസീപ്റ്റ് ലഭ്യമാക്കിയിട്ടുള്ളതിനാൽ ആയത് പരിഗണിക്കാമെങ്കിലും പ്രസ്തുത ചെലവ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ചേർക്കുന്നതിൽ ടിയാന് വീഴ്ച ഉണ്ടായി.
3. ശ്രീമതി ധന്യ എസ്. 1stഗ്രേഡ് ഓവർസിയർ - വിജിലൻസ് റിപ്പോർട്ടിൽ

ടിയാൾക്കെതിരായി പരാമർശം ഉണ്ടെങ്കിലും കണ്ടെത്തിയ തുക ടിയാളുടെതാണെന്നതിന് വസ്തുനിഷ്ഠമായ തെളിവുകൾ ലഭ്യമായിട്ടില്ല.

4. ശ്രീ.മുഹമ്മദ് അനറുള്ള , ഓഫീസ് അറ്റെൻഡന്റ് - പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയതിൽ ശ്രീ.മുഹമ്മദ് അനറുള്ള-യ്ക്ക് മനപൂർവമല്ലാത്ത വീടഴ്ചയുണ്ടായി. കണ്ടെത്തിയ തുക ആരോപണവിധേയൻ തന്നെയാണ് പ്രസ്തുതസ്ഥലത്ത് വെച്ചത് എന്നതിന് വസ്തുനിഷ്ഠമായ തെളിവ് ലഭിച്ചിട്ടില്ല.

5. ശ്രീ.സൂരജ്, ഒന്നാം തരം ഓവർസിയർ - കൈവശമുള്ള തുക മുഴുവനായി ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ ശ്രീ. സൂരജിന് മനപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായി.

6. അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ-മൊഴിയിൽ പറഞ്ഞത് പ്രകാരം ആവശ്യമായ രേഖകൾ ഉൾപ്പെടെ സമർപ്പിച്ചത് അംഗീകരിയ്ക്കുന്നതായാലും ക്യാഷ് ഡിക്ളറേഷൻ രജിസ്റ്ററിൽ അധികതുക വീണ്ടും ഡിക്ലയർ ചെയ്യുന്ന നടപടി വ്യക്തമല്ലായിരുന്നു എന്നത് അംഗീകരിക്കാവുന്നതല്ല.

7. 1st Grade Overseer ശ്രീ.ഷിഹാബ് എൻ.ജെ. - ടിയാന്റെ വാദങ്ങൾ അംഗീകരിച്ചാൽ തന്നെയും ചെലവ് വന്ന തുകയുടെ വിവരങ്ങൾ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ലാത്തത് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ മന:പൂർവ്വമല്ലാത്ത വീഴ്ചയാണ്.

8.ശ്രീ.കെ.സി.സുബ്രഹ്മണ്യൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ - ജോലി തിരക്കിനിടയിൽ പേഴ്സിൽ സൂക്ഷിച്ചിരുന്ന 2230/-രൂപ ചേർക്കാൻ വിട്ടു പോയി എന്നത് അംഗീകരിക്കാവുന്നതല്ല. കൈവശമുള്ള മുഴുവൻ തുകയും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൃത്യമായി ചേർക്കുന്നതിൽ ടിയാൻ വേണ്ട ജാഗ്രത പുലർത്തിയിട്ടില്ല.

കൈവശമുള്ള തുക കൃത്യമായി പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ചേർക്കുക എന്നത് ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും കടമയും ഉത്തരവാദിത്വവുമാണെന്നും അഴിമതിരഹിതമായ സിവിൽ സർവീസിന് ഇത് അത്യാവശ്യമാണെന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ലാത്തതും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയിലെ വ്യതിയാനങ്ങൾ വീണ്ടും രേഖപ്പെടുത്തിയിട്ടില്ലാത്തതും ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള അശ്രദ്ധയാണെന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചു.

V. ആരോപണവിധേയരെ 17.07.25-ൽ വകുപ്പ് അഡീഷണൽ സെക്രട്ടറി **നേരിൽ കേൾക്കുകയുണ്ടായി.** മേൽപ്പറഞ്ഞ നടപടി ക്രമങ്ങളുടെയും നേർവിചാരണയുടെയും അടിസ്ഥാനത്തിലുള്ള പരിശോധനയുടെ ഭാഗമായി പാലക്കാട് ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും മറ്റ് ഓഫീസ് ജീവനക്കാരും ബില്ലുകളും മറ്റും അംഗീകരിക്കുന്നതിനു കൈക്കൂലി വാങ്ങുന്നുവെന്ന ആരോപണം പൊതുവിൽ കഴമ്പുള്ളതാണെന്ന് വ്യക്തമാകുന്നതായി നിരീക്ഷിയ്ക്കുകയുണ്ടായി. നേർവിചാരണയിൽ തുക കണ്ടെത്തപ്പെട്ടതിനെ കുറിച്ചുള്ള വിജിലൻസ് നിരീക്ഷണങ്ങൾ ഖണ്ഡിക്കാൻ ശ്രമിച്ചതല്ലാതെ നിശ്ചിതതുക ഓരോ ജീവനക്കാരിലും ഉണ്ടായതിനെക്കുറിച്ചുള്ള വിജിലൻസിന്റെ കണ്ടെത്തൽ ആരും നിഷേധിച്ചില്ല.

**VI.** വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിംഗ് വേളയിലെ വാദങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു:

എല്ലാ ദിവസവും ശ്രീമതി സ്മിത എച്ച്. തുക രേഖപ്പെടുത്തിയിട്ടുണ്ടെന്നും മിക്ക ദിവസങ്ങളിലും ആയിരം രൂപയിൽ കൂടുതൽ രേഖപ്പെടുത്തിയതായും ആയതിനാൽ ശ്രീമതി സ്മിത കൈവശമുളള തുക ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് മന:പൂർവ്വം അല്ലാത്ത വീഴ്ചയാണെന്നും ഇക്കാര്യത്തിൽ ടിയാളുടെ ഭാഗത്തു ശ്രദ്ധക്കുറവുണ്ടായിയെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ശ്രീമതി സ്മിത എച്ച്.-ന് മനപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായിട്ടുള്ളതായി ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനും അംഗീകരിക്കുന്നുണ്ട്. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പടുത്താത്തതും, അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ് വെക്കാത്തതും ശ്രീമതി സ്മിത എച്ച്.-ന്റെ ഭാഗത്തുണ്ടായ വീഴ്ചയാണ്.

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ തുകയാണ് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ശ്രീ.സുരേഷ് കുമാർ കെ-യുടേയും Ist Grade Overseer ശ്രീ. ഷിഹാബ് എൻ.ജെ.-യുടേയും പക്കൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. കുറവ് വരുവാൻ കാരണമായ ചെലവുകൾ കൃത്യമാണെന്നും എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ഒരിക്കൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും ചെലവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിൽ ശ്രീ. സുരേഷ് കുമാർ കെ., ശ്രീ. ഷിഹാബ് എൻ.ജെ. എന്നിവരുടെ ഭാഗത്തു നിന്നും ആശ്രദ്ധ ഉണ്ടായിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. കുറവ് വന്ന തുക ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ ഇരുവർക്കും വീഴ്ചയുണ്ടായി.

എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ.സി. സുബ്രഹ്മണ്യൻ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഓഫീസ് മേധാവി എന്ന നിലയിൽ രാവിലെ മുതലുള്ള തിരക്കും, മാർച്ച് മാസത്തിലെ ജോലിത്തിരക്കിന്റെ ബാഹുല്യവും മൂലം ശ്രദ്ധിക്കാതെയാണ് പേഴ്സിലെ ഒരു ഭാഗത്തിരുന്ന 2250/- രൂപ രജിസ്റ്ററിൽ എഴുതാതിരുന്നതെന്നും ആയത് മന:പൂർവ്വമല്ല എന്നും ടിയാനെതിരെ മറ്റ് അച്ചടക്ക നടപടികളില്ലെന്നും 28.02.2026-ൽ സേവനത്തിൽ നിന്ന് വിരമിക്കുന്നുവെന്നും അറിയിച്ചു. ടിയാളുടെ വാദം പൂർണ്ണമായി അംഗീകരിയ്ക്കാനാവില്ല.

സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി സ്മിത എച്ച് (2,540/-രൂപയും) ഓഫീസ് അറ്റൻഡന്റ് ശ്രീ.മുഹമ്മദ് അനറുള്ള എ. (130/-രൂപയും) Ist Grade Overseer ശ്രീ. സൂരജ് എം.കെ. (620/-രൂപയും), അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ (1740/-രൂപയും), എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ.സി. സുബ്രഹ്മണ്യൻ (2,230/-രൂപ) എന്നിവരുടെ കൈവശം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക കണ്ടെത്തിയതിന് ടിയാളുകൾ ഉന്നയിച്ച വാദങ്ങൾ അംഗീകരിക്കാവുന്നതല്ല. കൈവശമുളള മുഴവൻ തുകയും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണ്. ആയത് നിറവേറ്റുന്നതിൽ മേൽപ്പറഞ്ഞവർക്ക് വീഴ്ച ഉണ്ടായിട്ടുണ്ട്.

ഫയലുകൾ അടുക്കിവെച്ച റാക്കിനിടയിലേക്ക് നോട്ടുകൾ ചുരുട്ടിക്കൂട്ടി വലിച്ചെറിഞ്ഞു എന്ന ഗുരുതരമായ ആരോപണമാണ് ഓഫീസ് അറ്റൻഡന്റായ ശ്രീ. മുഹമ്മദ് അനറുള്ള എ-യ്ക്കെതിരെ വിജിലൻസ് ഉന്നയിച്ചിട്ടുള്ളത്. ടി ആരോപണത്തെ ഖണ്ഡിക്കുന്ന വാദമുഖങ്ങളൊന്നും ടിയാന് ഉന്നയിക്കാനായിട്ടില്ല. കൂടാതെ ടിയാന്റെ കൈവശം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക (130/-രൂപ) കണ്ടെത്തിയിരുന്നു. ടിയാന്റെ ഭാഗത്ത് **ഗുരുതരമായ** വീഴ്ചയുണ്ടായതായി പ്രിൻസിപ്പൽ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

Ist ഗ്രേഡ് ഓവർസിയറായ ശ്രീമതി ധന്യ എസ്. ഫയലുകൾ അടുക്കിവെച്ച റാക്കുകൾക്കിടയിൽ നിന്നും ചുരുട്ടിക്കൂട്ടിയ നിലയിൽ 4500/-രൂപ കണ്ടെത്തിയെന്നതാണ് ടിയാൾക്കെതിരായ ആരോപണം. ടി ആരോപണത്തെ ഖണ്ഡിക്കുന്ന വാദമുഖങ്ങളൊന്നും ടിയാൾക്ക് ഉന്നയിക്കാനായിട്ടില്ല. ടിയാളുടെ ഭാഗത്ത് **ഗുരുതരമായ** വീഴ്ചയുണ്ടായതായി പ്രിൻസിപ്പൽ ഡയറക്ടറും അഭിപ്രായപ്പെട്ടു.

**VII.** മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിൽ കുറ്റാരോപിതർക്കെതിരെ KCS (CC&A) Rules 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ,

Ist Grade ഓവർസിയർ ശ്രീ.ഷിഹാബ് N.J. (PEN:446126, DoR:31.10.2033), Divisional Accounts Officer ശ്രീ.സുരേഷ് കുമാർ. കെ. (PEN:240614, DoR:31.05.2037) എന്നിവർക്ക് പരാമർശിത വീഴ്ച മേലിൽ ആവർത്തിക്കാതിരിക്കാനായി അതേ ചട്ടങ്ങളിലെ ചട്ടം 11(1)(i) പ്രകാരം ശാസന (Censure) എന്ന ലഘുശിക്ഷയും

അസി.എക്സി. എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ (PEN:510555, DoR:31.08.2033), ഒന്നാം തരം ഓവർസിയർ ശ്രീ.സൂരജ് M.K. (PEN:801003, DoR:30.09.2048), സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി സ്മിത എച്ച്.(PEN: 725130, DoR:28.02.2037) എന്നിവർക്ക് അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് താത്ക്കാലികമായി തടയുക എന്ന ലഘുശിക്ഷയും

എക്സിക്യൂട്ടിവ് എഞ്ചിനീയറായിരുന്ന ശ്രീ.കെ.സി.സുബ്രഹ്മണ്യൻ (PEN:439220, DoR:28.02.2026)-ന് അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ആറ് മാസത്തേയ്ക്ക് താത്ക്കാലികമായി തടയുക എന്ന ലഘുശിക്ഷയും നല്കി ടിയാൾക്കാർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. 28.02.2026- ൽ സർവീസിൽ നിന്നും വിരമിക്കുന്ന നിലവിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായ ശ്രീ.കെ.സി.സുബ്രഹ്മണ്യന്റെ ഒരു വാർഷിക വേതനവർദ്ധനവിന്റെ 6 മാസത്തേയ്ക്കുള്ള തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് കുറയ്ക്കേണ്ടതാണ്.

**VIII.** ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീമതി ധന്യ എസ്(പെൻ-691308), ഓഫീസ് അറ്റൻഡന്റ് ശ്രീ.മുഹമ്മദ് അനറുള്ള (പെൻ-475399) എന്നിവർക്കെതിരായ അച്ചടക്കനടപടി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രത്യേകം തീർപ്പാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1) കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് **(ത.സ്വഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവു പ്രകാരമുള്ള അനന്തര നടപടിയ്ക്കായി)**
3) വിജിലൻസ് (ഡി) വകുപ്പ്
4) വിജിലൻസ് ഡയറക്ടർ,തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് കേരള, തൃശ്ശൂർ)
6) തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്**(DPC List സംബന്ധിച്ച നടപടിയ്ക്കായി)**
7) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8) കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 27-02-2026 14:10:39

സെക്ഷൻ ഓഫീസർ